For Private Circulation Only
April 2021

Vol.68 No.4

“ ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി. പഴയതു കഴിഞ്ഞുപോയി ഇതാ അതു പുതുതായി തീർന്നിരിക്കുന്നു ” (2കൊരി. 5:17)

# യേശുവിൽ പരിസമാപ്തി

By Roy & Revel Hession

അപ്പോസ്തലനായ യോഹന്നനന്റെ സുവിശേഷം 14-ാം അദ്ധ്യായത്തിൽ കർത്താവായ യേശുക്രിസ്തു വളരെ അതിശയകരമായ കാര്യങ്ങൾ ശിഷ്യന്മാരോട് പറഞ്ഞു. “ഞാൻ പോകുന്ന ഇടത്തേയ്ക്കുള്ള വഴി നിങ്ങൾ അറിയുന്നു” (വാക്യം 4). തോമസുസ് ഇതിനെക്കുറിച്ച് അല്പം വാമൊഴിയായിട്ട് പറഞ്ഞത് “ തോമസ് അവനോടു കർത്താവേ നീ എവിടെ പോകുന്നു എന്നു ഞങ്ങൾ അറിയുന്നില്ല; പിന്നെ വഴി എങ്ങനെ അറിയും എന്നു പറഞ്ഞു. യേശു അവനോടു: ഞാൻ തന്നേ വഴിയും, സത്യവും ജീവനും ആകുന്നു ” (വാക്യം 6). എന്നെ അറിയുക. എങ്കിൽ നീ വഴിയും അറിയും.

എന്നാൽ എവിടേയ്ക്കാണ് ഈ വഴി നയിക്കുന്നത്? പിതാവിങ്കലേയ്ക്കു തീർച്ചയായിട്ടു അവിടുത്തേയ്ക്കാണല്ലോ അവൻ പോയതു. “ ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല” (വാക്യം 6) അവർക്ക് വളരെ അത്ഭുതം വരുന്ന വിധത്തിൽ യേശു പറഞ്ഞത്, “ നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനേയും അറിയുമായിരുന്നു” (വാക്യം7).

ഫിലിപ്പോസ് അപ്പോൾ പറഞ്ഞത് ഫിലിപ്പോസ് അവനോടു: “ കർത്താവേ, പിതാവിനെ ഞങ്ങൾക്ക് കാണിച്ചു തരേണം; എന്നാൽ ഞങ്ങൾക്ക് മതി എന്നു പറഞ്ഞു ” (വാക്യം 8) മറുപടിയായിട്ട് കർത്താവായ യേശുക്രിസ്തു അവരോടു വളരെ ആശ്ചര്യമാകുന്ന വിധത്തിലാണ് സംസാരിച്ചത്. “എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു ” (വാക്യം 9). അങ്ങനെ അവർക്ക് കാണുവാൻ കഴിഞ്ഞു. യേശുവിൽ കൂടിയുള്ള വഴിയുമാണ് ആത്യന്തികമായിട്ടുള്ള മാർഗ്ഗവും അവനിൽ തന്നേ സകല സമ്പൂർണ്ണതയും അടിങ്ങിയിരിക്കുന്നുവെന്നുള്ള പരമ സത്യം. ഇന്നു നമ്മൾക്കു യേശു തന്നേയാണ് വഴിയും, എന്താണ് നമ്മൾ അന്വേഷിച്ച് ബുദ്ധിമുട്ടുന്നത്. അത് അവനിൽ പൂർണ്ണമായിട്ട് കാണുവാനും സഹായിക്കുന്നു. യേശുവിനെ കാണുന്നവർക്ക് വഴി മാത്രമല്ല ലഭിക്കുന്നത്. പ്രത്യുത എല്ലാറ്റിന്റെയും അവസാനം കാണുന്നു. നമ്മുടെ ആവശ്യങ്ങൾക്ക് പൂർണ്ണത ഉണ്ടാകുവാൻ സാധിക്കുന്നു. നമ്മൾക്ക് ആവശ്യമായിരിക്കുന്നതിന്റെ എല്ലാ കാര്യത്തിലും, വളരെ ലളിതമായിട്ടും സകലത്തിന്റെയും കാര്യം അവനിൽ സമ്പൂർണ്ണമായിതീരുന്നു.

ഇതിന്റെ വെളിച്ചത്തിൽ ഒരു കാര്യം നമ്മൽക്ക് ഗ്രഹിക്കുവാൻ കഴിയും. നമ്മൾ പലരും സാധാരണയായിട്ടു എന്താണ് പ്രവർത്തിക്കുന്നത്. നാം നമ്മുടെ കർത്താവിന്റെ രക്തം സകലത്തിലുമുള്ള മാർഗ്ഗമായിട്ടും കാണുന്നുവെങ്കിലും പലപ്പോഴും കാര്യങ്ങളുടെ പരിസമാപ്തിയിൽ നമ്മൾ യേശു കർത്താവിനെ എവിടെയോ ഉപേക്ഷിച്ച് മുമ്പോട്ടുപോകുന്നു. എല്ലാ കാര്യങ്ങളും നല്ല രീതിയിൽ നമ്മുടെ ഇഷ്ടപ്രകാരം നടക്കുവാൻ, വളരെ ചെലവുകൾ നടത്തിയിട്ട് ചെയ്യുന്നു. അല്ലയോ ദൈവമേ! ഇങ്ങനെ ആത്മാർത്ഥതയോടും വളരെ ത്രീവ്രതയോടുകൂടി പ്രാർത്ഥിക്കുന്നു. ഞാൻ എന്തു ചെലവുകൾ നടത്തിയാലും ഒരു വലിയ ഉണർവ്വു നടക്കുവാൻ, അവിടുത്തെ ആ അത്യന്ത ശക്തി എന്റെ ശുശ്രൂഷയിൽ വെളിപ്പെട്ടു. എന്നാൽ ഇരുളിൽ പലപ്പോഴും ഒളിഞ്ഞിരിക്കുന്നതായ സ്വാർത്ഥ താല്പര്യങ്ങളും, സ്വയ പുകഴ്ചയും ഇവിടെ വെളിപ്പെടുകയാണ്. എന്നാൽ അത്ഭുതമാകുന്ന ഒരു കാര്യം ഇവിടെ കാണുന്നത് വേദനയോടുകൂടിയ നമ്മുടെ പ്രാർത്ഥനകളെ അതിന്റെ ആത്യന്തികമായ പരിസമാപ്തിയിലേക്ക് നയിക്കപ്പെടുവാൻ ദൈവം അനുവദിക്കുന്നില്ല.

ചിലപ്പോൾ നമ്മുടെ ലക്ഷങ്ങൾ സ്വാർത്ഥത നിറഞ്ഞല്ലായെങ്കിലും, അവ കാര്യങ്ങൾ ഒന്നു തന്നേയും ദൈവ സന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല എന്നുള്ളതാണ്. യേശുക്രിസ്തു തന്നെയാണ് നമ്മുടെ സകലത്തിന്റെയും അവസാനം. കാര്യങ്ങൾ എല്ലായ്പ്പോഴും നല്ല രീതിയിൽ മുമ്പോട്ടു പോകുവാൻ ഉണർവ്വ്, ശക്തി, ദൈവത്തിനു വേണ്ടി പ്രവർത്തിക്കുന്നത്, നമ്മൾക്ക് ഉള്ളത് ഇല്ലാത്തതുമായ അനുഗ്രഹങ്ങൾ ഇതൊന്നുമല്ല. പ്രത്യുത നമ്മുടെ പാപങ്ങൾ കർത്താവിന്റെ കരങ്ങളിൽ നിന്നു മാറിപോകുവാനും, അവിടുത്തേയും സുന്ദരമായ മുഖങ്ങൾ നമ്മളിൽ നിന്ന് മാറ്റിക്കളയുമെന്നും മേഘങ്ങളും, എന്നാൽ ഇതിൽ കൂടിയെല്ലാം എങ്ങനെയും അവിടുത്തുള്ള കൂട്ടായ്മകൾ ലഭിക്കുവാൻ വീണ്ടും കർത്താവ് കൃപ നല്കുന്നു. ഈ ഏക ലക്ഷ്യത്തിലാണ് നമ്മൾ കർത്താവിന്റെ സന്നിധിയിൽ പശ്ചാത്തപിക്കണം (അനുതപിക്കണം) എന്നു പറയുന്നത്. അല്ലാതെ മറ്റുള്ള ഒരു ലക്ഷ്യത്തിനുവേണ്ടിയല്ല. അതെ അവിടുന്നു തന്നെയാണ് സകലത്തിന്റെയും അവസാനം. എന്നാൽ ദൗർഭാഗ്യത്താൽ അവന്റെ സ്ഥാനത്തു അനേകം വിഗ്രഹങ്ങൾ കടന്ന് വരുന്നതായിട്ടും കാണുന്നു.

കർത്താവായ യേശുവിന്റെ കരത്താൽ സൗഖ്യം പ്രാപിച്ച ആ പത്തു കുഷ്ഠരോഗികളുടെ കാര്യം ഇവിടെ നല്ല ഒരു വിശദീകരണമായിട്ടു നമ്മൾക്ക് കാണിക്കാം. അവനിൽ ഒരുവൻ മാത്രമാണ് കർത്താവിൽ നിന്ന് സൗഖ്യം പ്രാപിച്ചപ്പോൾ അവിടുത്തേക്ക് വന്ന് മഹത്വപ്പെടുത്തുന്നത്. മറ്റുള്ളവർ അവരുടെ വഴികളിൽ പോയിരിക്കുകയാണ്, കുഷ്ടരോഗം മാറി, പുതിയ അനുഭവങ്ങളുമായിട്ട് പെട്ടെന്ന് അവരുടെ ജീവിതം ക്രിസ്തു ഇല്ലാതെ മാറിയിരിക്കുന്നു. അവർക്ക് യേശുക്രിസ്തുവിൽ

(ശേഷം 4-ാംപേജിൽ)

# ഒടുവിലത്തെ നാളുകളിലെ കുടുംബ പ്രാർത്ഥന

By Kim Butts

“ എന്നാൽ എല്ലാറ്റിന്റെയും അവസാനം വന്നിരിക്കുന്നു; ആകയാൽ പ്രാർത്ഥനയ്ക്കു സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ ” (1പത്രൊ. 4:7).

പത്രൊസ് പരിശുദ്ധാത്മ പ്രേരിതനായി ഉറപ്പിച്ചു പറയുന്നത്, ഈ അവസാനനാളുകളിൽ പ്രാർത്ഥന എന്നുള്ളത് ജീവിക്കുന്ന ദൈവജനത്തിന്റെ താക്കോൽ ആണ്. എന്നിൽ എന്താണെന്ന് കണ്ട് പ്രാർത്ഥനയ്ക്ക് നാം ഉത്സാഹമുള്ളവരായിരിപ്പാൻ കർത്താവ് ആഗ്രഹിക്കുന്നു. നല്ല മനോഭാവമുള്ള വിശ്വാസികൾക്ക് ശരിയായ ഉദ്ദേശത്തോടുകൂടെയുള്ള പ്രാർത്ഥനയുണ്ടായിരിക്കും. അത് കർത്താവായ യേശുവിനോടുള്ള ബന്ധത്തിൽ രൂപപ്പെട്ടതുമായിരിക്കും.

പൗലൊസ് പറഞ്ഞത്, നമുക്ക് പ്രാർത്ഥിപ്പാൻ കഴിയേണ്ടതിന് നാം നമ്മെത്തന്നെ വിശുദ്ധീകരിക്കുന്നവരായിരിക്കേണം. സ്വയ ശുദ്ധീകരണം പ്രയാസമുള്ള കാര്യമാണ്. എന്നിരുന്നാലും നമ്മോടു തന്നെ ഒരു ചെറിയ ചോദ്യം നമുക്ക് ചോദിക്കാം. ആരാണ് നമ്മെ നിയന്ത്രിക്കുന്നത്. നമ്മെ സ്നേഹിക്കയും നമുക്ക് നന്മ വരണം എന്നാഗ്രഹിക്കയും ചെയ്യുന്ന പിതാവായ നമ്മുടെ ദൈവമാണോ, അതോ, നമ്മെ നശിപ്പിക്കുവാനാഗ്രഹിക്കുന്ന നമ്മുടെ ശത്രുവായ സാത്താനാണോ? ഒരു കുടുംബം എന്ന നിലയിൽ നമ്മുടെ സ്വഭാവം നാം ചെയ്യാനാഗ്രഹിക്കുന്ന പ്രവർത്തികൾ, നാം മുറുകെപ്പിടിച്ചിരിക്കുന്ന കാര്യങ്ങൾ നോക്കുക. അവ ദൈവത്തിന് ബഹുമാനവും മഹത്വം കൊടുക്കുന്നതാണോ, നിങ്ങൾ ദൈവത്തിന്റെ നിയന്ത്രണത്തിലാണോ നടക്കുന്നത്? അതോ ദൈവത്തിന് മഹത്വം കൊടുക്കാത്ത വഞ്ചകന്റെ നിയന്ത്രണത്തിലാണോ?

പ്രാർത്ഥിക്കാൻ കഴിയാതവണ്ണം ശത്രു നമ്മെ വശീകരിച്ച് നമുക്ക് ദോഷം വരുത്തുന്നു എങ്കിൽ പ്രത്യേകിച്ച് നമ്മുടെ കുടുംബത്തിൽ അവൻ അങ്ങനെ ചെയ്യും! ഒരു സ്വയ നിയന്ത്രണത്തിന്റെ അഭാവത്താൽ ലൗകികകാര്യങ്ങളാലും ദൈവികമല്ലാത്ത ചിന്തകളാലും നാം വഞ്ചിക്കപ്പെടുവാനിടയാകും. അതിന്റെ ഫലമായി പ്രാർത്ഥനാ ജീവിതവും ദൈവിക ചിന്തയും നമുക്ക് നഷ്ടപ്പെട്ടുപോകാനിടയാകും. ആത്മസംയമനം ഇല്ലാത്ത പുരുഷൻ മതിൽ ഇല്ലാതെ ഇടിഞ്ഞു കിടക്കുന്ന പട്ടം പോലെയാകുന്നു (സദൃ. 25:28). മതിലുകൾ ഇടിഞ്ഞ് വേലിയില്ലാതെ ശത്രുവിന് ആക്രമിക്കുവാൻ എളുപ്പമുള്ളതായിത്തീരുന്നു.

നിങ്ങളുടെ കുടുംബം മതിൽ കെട്ടി സൂരക്ഷിതമാക്കപ്പെട്ടതാണോ? നിങ്ങൾ മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുന്ന ആളാണോ? നിങ്ങൾ പരസ്പരം വഹിച്ച് പ്രാർത്ഥിക്കുന്നവരും, ക്രിസ്തുവിനെപ്പോലെ മറ്റുള്ളവരോട് പെരുമാറുന്നവരും പാപങ്ങളെക്കുറുച്ച് അനുതപിച്ച് പ്രാർത്ഥിക്കുന്നവരും ആണോ? (യാക്കോ, 5:13-16)

സ്വയ നിയന്ത്രണം ഇല്ലാത്ത പ്രാർത്ഥന ശുഷ്

(ശേഷം 6-ാംപേജിൽ)

**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

“ ഞാൻ നിന്നെ വലിയൊരു ജാതിയാക്കും നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും. നീ ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും ” (ഉല്പ. 12:23)

2021 -ാം വർഷത്തിന്റെ മാർച്ച് മാസം നമ്മെ വിട്ട് കടന്നുപോയി. ഏപ്രിൽ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു. നിങ്ങളുടെ ജീവിതത്തിൽ ധാരാളം നന്മകളും അനുഗ്രഹങ്ങളും ഉണ്ടാകട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. യേശു നല്ലവനാണ്. ലോകാന്ത്യത്തോളം നമ്മോടുകൂടെ നിന്നു വഴി നടത്തുവാൻ ശക്തൻ.

നീ ഇന്നു എന്റെ മുമ്പാകെ നടന്നു നിഷ്കളങ്കനായിരുന്നാൽ ജീവിതം അതികഠിനമല്ല. സരളമായിരിക്കും. കാരണം ഞാനാകുന്നവൻ ഞാനാകുന്നു. നീ ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെ ഉണ്ട്. ഭ്രമിച്ചു നോക്കേണ്ട ഞാൻ നിന്റെ ദൈവം ആകുന്നു. ഞാൻ നിന്നെ ശക്തീകരിക്കും. ഞാൻ നിന്നെ സഹായിക്കും. എന്റെ നീതിയുള്ള വലങ്കൈകൊണ്ടി ഞാൻ നിന്നെ താങ്ങും (യെശ. 41:10).

ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല. ഉപേക്ഷിക്കയുമില്ല. ആകാശവും ഭൂമിയും മാറിപ്പോകും. പക്ഷേ എന്റെ വാഗ്ദാനം മാറുകയില്ല. ഞാൻ നിന്നെ താങ്ങും. ഞാൻ നിന്നെ എന്റെ കൈകളിൽ വരിച്ചിരിക്കുന്നു.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം


# ആഗമനദൂതൻ



ബിന്ദു.എം
എഡിറ്റർ
Mob:8589901702

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
**E-mail:bindhum1971@yahoo.in**

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

# യേശുവിനെ പ്രതീക്ഷ യോടെ നോക്കുന്നു

(ഒരു മിഷ്യനറി വാർത്ത)

ഒരു വർഷത്തെ നിരന്തരമായ പ്രവർത്തനഫലമായി ഒരു പ്രവർത്തക സമൂഹം പറഞ്ഞത് അവർക്ക് 100 മില്യൻ ആളുകളെ 2020-ൽ സുവിശേഷം എത്തിക്കുവാൻ കഴിഞ്ഞു എന്നാണ്. പൾസ് എന്നറിയപ്പെടുന്ന ആ സുവിശേഷീകരണ പ്രസ്ഥാനം കൂടുതൽ ആളുകളെ കണ്ടെത്തുവാനും കൂടുതൽ വേലക്കാരെ ഒരുക്കി കൂടുതൽ ആളുകളെ കർത്താവായ യേശുവിങ്കലുള്ള പ്രത്യാശയെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. അതിന്റെ സ്ഥാപകനായ നിക്ക് ഹാൾ എന്ന ദൈവഭക്തൻ പറയുന്നത്, ഇന്നത്തെ രാഷ്ട്രീയ അന്തരീക്ഷം യുവാക്കളെ അധികമായി ദൈവത്തിങ്കലേയ്ക്ക് അടുപ്പിക്കുവാൻ പറ്റിയതാണ് എന്നാണ്.

താൻ പറയുന്നത് യുവാക്കളായ വിശ്വാസികളിൽ നിന്ന് എനിക്ക് കേൾക്കാൻ കഴിയുന്നത് ഒരുമിച്ച് കൂടി വന്ന് യേശുവിനെയും തന്റെ സുവിശേഷത്തെയും മറ്റുള്ളവർക്ക് നാം പങ്കിട്ടു കൊടുക്കുക എന്ന ആഹ്വാനമാണ്. എല്ലാവിധ അഭിപ്രായങ്ങളും സാഹചര്യങ്ങളും പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയുന്നത്, ആളുകൾ ഉപവാസത്തോടും പ്രാർത്ഥനയോടും ദൈവത്തിലുള്ള ഉറച്ച വിശ്വാസത്തോടും എന്താണ് സംഭവിപ്പാൻ പോകുന്നത് എന്നറിയില്ല, എന്നാൽ ഒരു കാര്യം നിശ്ചയമാണ്, അവിടുന്ന് പ്രവർത്തിപ്പാൻ എഴുന്നേറ്റിരിക്കുന്നു. കഴിഞ്ഞ ഏതു കാലത്തെക്കാളുമുപരി ദൈവത്തിൽ ആശ്രയിച്ച് അടുത്ത് ചെല്ലേണ്ടത് ആവശ്യമത്രെ.

താൻ പിന്നെയും പറയുന്നത് ശുശ്രൂഷ അതിന്റെ പുതുവഴി തേടുന്നു, യേശു ലോകത്തിന് സൗഖ്യവും പ്രത്യാശയും നൽകുവാൻ എഴുന്നേറ്റിരിക്കുന്നു. ഞങ്ങളുടെ സമൂഹം വീണ്ടും കൂടിയാലോചിച്ച് ഒരുമിച്ച് ചേർന്ന് ക്രമീകൃതമല്ലാത്ത ഈ സമയത്ത് അവ്യക്തതകളുടെ ഈ ലോക ത്ത് കൊടുക്കുവാൻ വ്യക്തമായ ഒരു ദൂത് നമുക്കുണ്ട്. മറ്റെല്ലാകാലത്തെക്കാളുപരി ആളുകൽ സുവിശേഷം ശ്രദ്ധിക്കുന്നു, നാം സുവിശേഷം പങ്കുവയ്ക്കേണ്ടതുണ്ട്. അവസരങ്ങൾ കണ്ടുപിടിച്ച് പ്രയോജനപ്പെടുത്തി ആളുകളെ യേശുവിങ്കലേയ്ക്ക് നടത്തേണ്ടതാണ്.

ഇത് കമ്പ്യൂട്ടർ യുഗമാണ്, മാത്രമല്ല കോവിഡ് - 19-ന്റെ കാലം, ആളുകൾ ദുരന്തങ്ങളിൽ വലയുന്നു, രാഷ്ട്രീയ അനിശ്ചിതത്വങ്ങൾ, ദൈവസഭയുടെ അംഗങ്ങൾ എന്ന നിലയിൽ ഉത്തരവാദിത്വം നമ്മുടെ മേലാണ്. നിലവിലുള്ള എല്ലാ സാദ്ധ്യതകളും പ്രയോജനപ്പെടുത്തി യേശുവിനെ അറിയിക്കേണ്ടതാണ്. കഴിഞ്ഞ പന്ത്രണ്ട് മാസങ്ങൾക്കിടയിൽ 150 മില്യൻ ആളുകൾ സുവിശേഷം കേൾക്കുവാനിടയായി. ഒരു ലക്ഷം ആളുകൾ പ്രതികരണങ്ങൾ അയച്ചിരിക്കുന്നു. ഈ പ്രവർത്തങ്ങൾ വെറും **സൂം** പ്രവർത്തനങ്ങളിലൂടെയും ടെലിവിഷനിലൂടെയുമൊക്കെയാണ്. മുമ്പൊരിക്കലും ഇങ്ങനെയുള്ള പ്രതികരണങ്ങൾ ഉണ്ടായിട്ടില്ല.

നിക്ക ഹാൾ പറയുന്നത്, 2021-ലെ പ്രാർത്ഥന ഉണർവ്വിനുവേണ്ടിയുള്ളതാണ്. ദൈവത്തിന്റെ സഭ എന്ന നിലയിൽ നാം വ്യത്യാസപ്പെടേണ്ടിയിരിക്കുന്നു. നാം പോകേണ്ടിയിരിക്കുന്നു. ഉണർന്നേ മതിയാകൂ. ദൈവം നമുക്കായി എഴുന്നേറ്റിരിക്കുന്നു. നമ്മുടെ നേതാക്കന്മാർ ഉണരണം. ദേശത്തിനു ഉണർവ്വുണ്ടാകേണമെങ്കിൽ ദൈവജനം ഉണർന്നേ മതിയാകൂ. ദൈവത്തിന്റെ ഇടപെടൽ എപ്പോഴും തന്റെ ജനത്തിന്റെ ഇടയിലാണ് ആരംഭിക്കുന്നത്. നാം അവിടുത്തെ ജനമത്രേ. ആകാശം കീറി ഇറങ്ങി വരുന്ന ദൈവമത്രേ നമ്മുടെ ദൈവം.

മാനസാന്തരം ന മ്മിൽ തുടങ്ങേണ്ടതാണ്. നാം ദൈവമുമ്പാകെ ചെന്ന്, ദൈവത്തിനുവേണ്ടി എരിഞ്ഞു ശോഭിക്കുവാൻ വചനത്തിനുവേണ്ടി ഏല്പിക്കപ്പെടുവാനുള്ളവരാണ്. അവിടുത്തെ വചനം നമ്മിൽ വസിക്കുന്നു. ലോകം നോക്കിക്കാത്തിരിക്കുന്ന യേശുവിനെ അവർക്ക് വെളി

(ശേഷം 6-ാംപേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| **അംഗീകരിക്കുക** | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)* |
| **പശ്ചാത്തപിക്കുക** | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)* |
| **ഏറ്റുപറയുക** | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| **ഉപേക്ഷിക്കുക** | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| **ശുദ്ധീകരിപ്പെടുക** | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| **വിശ്വസിക്കുക** | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| **സമർപ്പിക്കുക** | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| **പ്രാപിച്ചെടുക്കുക** | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |
| **സ്നാനം ഏൽക്കുക** | *വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)* |

(1-ാംപേജിന്റെ തുടർച്ച)

**യേശുവിൽ പരിസമാപ്തി**

കൂടിയുള്ള ജീവിത സായൂജ്യം അല്ല വലിയ വിഷയം, പ്രത്യുത അവരുടെ ശരീരത്തിനു ലഭിച്ച കേവലം സൗഖ്യം മാത്രമാണ് വലുത്. അതിൽ മാത്രം അവർ സംതൃപ്തരായി തീരുകയും ചെയ്യുന്നു. എന്നാൽ അവനിൽ നിന്നു വ്യത്യസ്തമായിട്ട് ആ മടങ്ങി വന്ന കുഷ്ഠരോഗം മാറി സൗഖ്യം കിട്ടിയ ആ മനുഷ്യൻ യേശുവിന്റെ അടുക്കൽ കടന്നു വന്ന് അവന്റെ മുമ്പിൽ മുട്ടുകുത്തുകയും നന്ദി കരേറ്റുകയും ചെയ്യുമ്പോൾ അവന് മനസ്സിലായി യേശുക്രിസ്തു കേവലം സൗഖ്യദാതാവായ ഒരുവൻ മാത്രമല്ല, അവനിൽ സകലത്തിന്റെയും സമ്പൂർണ്ണത അടങ്ങിയിരിക്കുന്നു.

**അവൻ തൃപ്തരാക്കുന്നു**

യേശുക്രിസ്തുവിന്റെ സന്നിധിയിലുള്ള നമ്മുടെ ആത്മീക അനുഭവങ്ങളിൽ അവിടുന്ന് നമുക്ക് ശക്തിയും, സമാധാനവും സന്തോഷവുമെല്ലാം നല്കി തരുന്നവനാണെന്ന് ആദ്യം തന്നെ നമ്മൾക്ക് ഗ്രഹിക്കുവാൻ കഴിയുന്നു. മനുഷ്യന്റെ പാപമായ സ്വാർത്ഥ താല്പര്യങ്ങൾ കർത്താവ് കണ്ടിട്ടും അവിടുന്ന് നമ്മെ തികഞ്ഞവനാക്കുവാൻവേണ്ടി നമ്മൾക്കായിട്ടും പിതാവിനോടു അപേക്ഷിക്കുകയാണ് ചെയ്യുന്നത്. എന്താണ് സുവിശേഷത്തിന്റെ അപ്പീലായിട്ട് കാണുന്നത്; വരുവാനുള്ള കോപത്തിൽ നിന്നു ഓടിപ്പോകുവിൻ; എന്നാൽ അത് ഒരുവന്റെ സ്വാർത്ഥ താല്പര്യം സംരക്ഷണത്തിന്റെ വിടുതലിനായിട്ടുള്ള ഒരു അപ്പീൽ ആണോ? എന്നാൽ ഞാൻ പറയുന്നത് അവിടുന്നു സമ്മതത്തോടു ആയിരിക്കുന്നു, അവിടുത്തെ ക്രൂശീകരണവും, അവിടുത്തള്ള പാപപരിഹാര മാർഗ്ഗവും നമ്മൾ ഗ്രഹിച്ചിട്ട്, യേശുവിനെ നമ്മുടെ ജീവിതത്തിന്റെ സകലവും ആയി കാണുകയും അവനിൽ സകലത്തിന്റെയും പൂർണ്ണതയും നമ്മൾ ദർശിക്കേണ്ടതു ആവശ്യമായിരിക്കുന്നു. എന്നാൽ എത്രകാലം യേശുവിനെ, ആവശ്യങ്ങൾ നിറവേറ്റുവാനുള്ള ഒരു മാർഗ്ഗം മെന്നതിലുപരി, അവിടുന്നു സകലത്തിനും മതിയായവനാണെന്നും അവനിൽ സകലവും അവാസനിക്കുന്നുവെന്നും. ഒരു കാര്യം സ്പഷ്ടവും വ്യക്തവുമാണ് യേശുക്രിസ്തുവിൽ നമ്മൾ വസിക്കുന്നില്ലെങ്കിൽ നമ്മുടെ ജീവിതത്തിതൽ വിശ്രമം ഉണ്ടാകുന്നില്ല.

കൂടാതെ നമ്മൾ നമ്മുടെ പരിശ്രമത്തിൽ കൂടി നേടി എടുക്കുന്ന കാര്യങ്ങൾ എല്ലാം കർത്താവിനെ സന്തോഷിപ്പിക്കുന്നു വിശുദ്ധ വചനത്തിൽ കാണുന്നത് അവിടുത്തെ ക്രൂശീകരണത്താൽ അവൻ നമ്മെ ക്രിസ്തുമൂലം തന്നോടു നിരപ്പിച്ചു (2കൊരി. 5:19). "അവൻ ലോകസ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം നമ്മെ ദത്തെടുക്കേണ്ടതിന്" (എഫെ. 1:5). അവൻ നമ്മെ സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്തു സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളൊരു സ്വന്തജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിനും തന്നെത്താൻ നമുക്കു വേണ്ടി കൊടുത്തു " (തീത്തോ. 2:14).

അവിടുന്നു നമ്മെ ചില കഷ്ടങ്ങളിൽ കൂടിയും, നിരാശകളിൽ കൂടിയും കടത്തിവിടുകയും അതിന്റെ എല്ലാം അവസാനനിമിഷത്തിൽ അവിടുന്ന് നമ്മുടെ അടുത്ത് കടന്നു വന്നിട്ട് ഇങ്ങനെ പറയും. എന്റെ മകനെ ഞാൻ ഒരിക്കലും നിന്നോടും വാഗ്ദത്തം ചെയ്തിരുന്നില്ല, നീ എന്റെ മുമ്പിൽ സമർപ്പിച്ചിരുന്നെങ്കിൽ നിനക്ക് വളരെ ലളിതമായ മാർഗ്ഗവും പ്രശ്നങ്ങൾ ഒന്നും തന്നെ ഇല്ലാത്ത) ഭയങ്കര ബലം, നിന്റെ ശുശ്രൂഷയിൽ വിജയം അല്ലെങ്കിൽ ഭയങ്കരമായ ഒരു ഉണർവ്വ്. ഞാൻ എന്താണ് നിന്നോടു വാഗ്ദത്തം ചെയ്തത്, നി എന്റെ കൂടെ നടന്നിരുന്നുവെങ്കിൽ, നിന്റെ പാപങ്ങൾ അതാതിന്റെ സമയത്തു നിനക്ക് വെളിപ്പെടുത്തുവാൻ ഞാൻ അനുവദിച്ചിരുന്നെങ്കിൽ, ശുദ്ധീകരണം പ്രാപിച്ചിരുന്നുവെങ്കിൽ, നിന്റെ ജീവിതത്തിൽ ഇങ്ങനെ യൊന്നും സംഭവിക്കുകയില്ലായിരുന്നു എന്നിൽ കൂടി. നിന്റെ സകലത്തിന്റെയും അവസാനം സായൂജ്യമായി എന്നെ നീ അറിയുക, സംതൃപ്തിയാടുകൂടിയതു, ഒന്നു തന്നെയും .......... എല്ലാം ഉള്ളവനായും ജീവിതത്തിൽ സന്തോഷകരമായി മാറുക.

ലജ്ജാകരം എന്നു പറയട്ടെ, ഈ അനുഭവം ജീവിതത്തിലേയ്ക്ക് വരുമ്പോൾ അല്പം നിരാശ അനുഭവപ്പെടുന്നു. നമ്മൾ അംഗീകരിക്കണം, ക്രിസ്തുവിലും അല്ലായിരുന്നു നമ്മൾ വാസ്തവത്തിൽ ആഗ്രഹിച്ച് നേടിയെടുത്തതു എന്നാൽ അവിടുത്തെ വരദാനങ്ങളും അതെ സമയം ഒരിക്കലും പിടികൊടുക്കാത്തതു തികച്ചും സ്വാർത്ഥ താല്പര്യങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നതുമായ കാര്യങ്ങൾ. പാട്ടുകാരൻ പറയുന്നതുപോലെ ഞാൻ ധാരാളം നേടിയെടുത്തതല്ല, ഒന്നു നിനക്ക് വേണ്ടിയായിരുന്നില്ല. ഇതുകൊണ്ടാണ് ചില കാര്യങ്ങൾ നമ്മൾക്ക് ലഭിക്കുവാൻ അവിടുന്ന് അനുവദിക്കാത്തത്.

**സകലവും**

നമ്മളെ അത്ഭുതപ്പെടുത്തുന്ന കാര്യം എപ്പോഴാണഅ നമ്മൾ ദൈവത്തിന് നമ്മുടെ സകലത്തിന്റെയും അവസാനം അന്ത്യം കാണുമ്പോൾ, കർത്താവ് നമ്മളെ ധാരാളമായിട്ട് അനുഗ്രഹിക്കുകയും നമ്മൾ ചോദിക്കാതിരുന്ന കാര്യങ്ങൾ പോലും കർത്താവും നമ്മൾക്കായിട്ടും നല്കി തരുകയും ചെയ്യുന്നു. " സ്വന്ത പുത്രനെ ആദരിക്കാതെ നമുക്കു എല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്നവൻ ആവനോടുകൂടെ സകലവും നമുക്ക് നല്കാതിരിക്കുമോ? " (റോമ. 8:32). ആർക്കാണ് പറയുവാൻ കഴിയുന്നത് ദൈവത്തിന്റെ ഔദാര്യമനസ്സിന്റെ മുമ്പിൽ സകലവും നന്മയ്ക്കായി എന്നു പറയുമ്പോൾ ചിലതൊക്കെ മാറ്റി വച്ചിട്ടാണ് എന്നൊക്കെ. അവന്റെ കൂടെ നടക്കുന്ന ദൈവപൈതലിന്റെ ജീവിതത്തിൽ അവിടുന്നു സകലവും നല്കുന്നു. എന്നാൽ സ്വന്ത പ്രശസ്തിക്കും നിഗളത്തിനുമായി നടക്കുന്നവർക്ക് ലഭിക്കുന്നില്ല എന്നതാണ് സാരം.

ഇതിന്റെ നല്ല ഒരു ഉദാഹരണമായിട്ട് ശലോമോൻ രാജാവ് ബുദ്ധി ഉപദേശിക്കുകയാണ് 1രാജാ. 3:5-13 വരെയുള്ള ഭാഗത്തു. ഒരിക്കൽ യഹോവയായ ദൈവം ശലോമോനോടു ചോദിച്ചപ്പോൾ ശലമോൻ പറയുകയാണ്: "ആകയാൽ ഗുണവും ദോഷവും തിരിച്ചറിഞ്ഞ് നിന്റെ ജനത്തിനും ന്യായപാലനം ചെയ്‌വാൻ വിവേകമുള്ളോരു ഹൃദയം എനിക്കു തരേണമേ ; അതുകൂടാതെ നിന്റെ ഈ വലിയ ജനത്തിനും ന്യായപാലനം ചെയ് വാൻ ആർക്കു കഴിയും. ശലോമോൻ ഈ കാര്യം ചോദിച്ചു കർത്താവിനു പ്രസാദകരമായി " (1 രാജാ. 3:9,10). ഒരു ഹൃദയം അതായത് നുറുങ്ങിയ ഒരു മനസ്സ് ഇവിടെയാണ് ദൈവത്തിന്റെ ശബ്ദം കേൾക്കുവാൻ മുമ്പോട്ട് എന്ത് ചെയ്യണമെന്നുള്ള ശബ്ദം ഉയരത്തിൽ നിന്ന് ലഭിക്കുന്നത്. യഹോവയായ ദൈവത്തിനും ശലോമോനിൽ പ്രസാദം ഉണ്ടായി. കാരണം അവൻ

( (ശേഷം 5-ാം പേജിൽ )

(4-ാംപേജിന്റെ തുടർച്ച)

## യേശുവിൽ പരിസമാപ്തി

യഹോവയെ തന്റെ ഉത്തരവാദിത്വങ്ങൾ എങ്ങനെ ചെയ്യണമെന്നു അറിയേണ്ടതിനും അവിടുത്തെ സന്നിധിയിൽ ആത്യന്തികമായിട്ടു ആശ്രയിക്കുന്നു. ദൈവം അവനോടു അരുളിചെയ്തതു എന്തെന്നാൽ നീ ദീർഘായുസ്സോ, സമ്പത്തോ ശത്രുസംഹാരമോ ഒന്നും അപേക്ഷിക്കാതെ ന്യായപാലനത്തിനുള്ള വിവേകം എന്ന ഈ കാര്യം മാത്രം അപേക്ഷിച്ചതു കൊണ്ട് ഞാൻ നിന്റെ അപേക്ഷപ്രകാരം ചെയ്തിരിക്കുന്നു. ജ്ഞാനവും വിവേകവുമുള്ളൊരു ഹൃദയം ഞാൻ നിനക്കു തന്നിരിക്കുന്നു; നിനക്കു സമനായവൻ നിനക്ക് മുമ്പെ ഉണ്ടായിട്ടില്ല, നിനക്കു സമാനായവൻ നിന്റെ ശേഷം ഉണ്ടാകുകയും ഇല്ല. ഇതിനുപുറമേ നീ അപേക്ഷിക്കാത്തതായ സമ്പത്തും, മഹത്വവും കൂടെ ഞാൻ നിനക്കു തന്നിരിക്കുന്നു. “ നിന്റെ ആയുഷ്കാലത്തൊക്കെയും രാജാക്കന്മാരിൽ ഒരുത്തനും നിനക്കു സമനാകുകയില്ല ” (1രാജാ 3:11–13).

യഹോവയായ ദൈവത്തിന്റെ അടുത്ത് വന്ന ശലോമോൻ കർത്താവിനെ അവന്റെ സഹായകമായി പൂർണ്ണമായി ആശ്രയിച്ചതുകൊണ്ടു ശലോമോൻ ആവശ്യപ്പെടാത്ത കാര്യങ്ങൾ കൂടി ദൈവം അവനു നല്കി അനുഗ്രഹിക്കുക. നമുക്ക് യേശുക്രിസ്തുവിൽ കൂടി എല്ലാം നന്മയായി തീരുമെന്നുള്ള വലിയ തിരിച്ചറിവിൽ പ്രവർത്തിക്കാം. അതെ അവനിൽ കൂടി ദൈവം സകലതും നന്മയ്ക്കായി ചെയ്യുന്നു.

പിതാവിനെ അന്വേഷിച്ച് തന്റെ അടുക്കൽ വരുന്ന മനുഷ്യർ, അവർ അവനിൽ വഴി മാത്രമല്ല കാണുന്നത്, ഒരു പിതാവിനെ അറിയുന്നു. അവിടുത്തെ കരത്തിൽ സകല സന്തോഷവും, നന്മയും, അനുഗ്രഹങ്ങളുമുണ്ട്. അതായതു നന്മകൾക്കു ആവശ്യമായുള്ളതെല്ലാം യേശുക്രിസ്തു നമ്മെ വഴിയിലേക്കു നടത്തുവാനുള്ള അനുഗ്രഹം മാത്രമല്ല നമുക്കു ആഗ്രഹമുള്ള എല്ലാ അനുഗ്രഹങ്ങളും തരുവാൻ ശക്തനാണ്. അവിടുന്ന് ബലത്തിലേയ്ക്കുള്ള മാർഗ്ഗം മാത്രലമല്ല പ്രത്യുത അവിടുന്നു നമ്മുടെ ബലമായി തീരുന്നു. ജീവിതവിജയത്തിലേക്കുള്ള മാർഗ്ഗമായി മാത്രമല്ല കർത്താവ്, പ്രത്യുത അവിടുന്നു നമ്മുടെ വിജയമായി മാറുന്നു. സംതൃപ്തിക്കായിട്ടുള്ള ഒരു മാർഗ്ഗം മാത്രമല്ല അവിടുത്തെ സന്നിധി, അവിടുന്ന് നമ്മുടെ സംതൃപ്തി തന്നെയാണ്. സൗഖ്യത്തിനുള്ള ഒരു സ്ഥലം മാത്രമല്ല, യേശു നമ്മുടെ സൗഖ്യമാണ്. ഉണർവ്വിനുള്ള ഒരു കേവലം നാമം മാത്രമല്ല, യേശുവാണ് നമ്മുടെ ഉണർവ്വ്. അങ്ങനെ എന്തും. നമ്മുടെ ആവശ്യങ്ങൾ എന്തു തന്നെയായലും കർത്താവിൽ നിന്നും അതു ലഭിക്കുന്നു. “അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതു”. അതുകൊണ്ടു അപ്പോസ്തലനായ പൗലൊസു പറയുകയാണ് “എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു ” (കൊലൊ.2:10).

ഒരു പാപിയായിട്ട് നന്മകൾ അവിടുത്തെ സന്നിധിയിൽ കടന്നുവരുമ്പോൾ എല്ലായ്പ്പോഴും നമ്മെ നീതീകരിക്കുന്നവനായിട്ട് അവിടുന്നു പ്രവർത്തിക്കുന്നു. നമ്മുടെ എല്ലാ തരത്തിലുമുള്ള വീണ്ടെടുപ്പിനും അനുഗ്രഹത്തിനുമായിട്ടു അവിടുത്തെ കുരിശിന്റെ അപ്പുറത്തേയ്ക്കു യാത്രചെയ്യേണ്ടി വരുന്നില്ല. എല്ലാ നന്മകൾക്കും ആവശ്യമായിരിക്കുന്നതു അവിടുത്തെ നാമത്തിൽ ലഭിക്കുന്നു. പെന്തക്കോസ്തു ദിനത്തിൽ കാണുന്നു, ഒരു പെന്തെക്കെസ്തിനെ അല്ല, ആ കാൽവറി, അതിന്റെ ചുവട്ടിൽ പശ്ചാത്താപഹൃദയത്തോടും കണ്ണുനീരോടും കടന്നു വരുന്ന പാപികൾ. അനുഗ്രഹം പ്രാപിക്കുന്നു. ഉണർവ്വുകൾ ഉണ്ടാകുന്നു. അതെ വഴിയും (മാർഗ്ഗവും) അവസാനവും ഒരുവനിൽ ഒരേ സമയം അടങ്ങിയിരിക്കുന്ന അനുഭവം, എല്ലാം ഒരു നിമിഷത്തിൽ ഒരേയൊരു വ്യക്തിയിൽ (നാമത്തിൽ) ഉള്ളടക്കം ചെയ്തിരിക്കുന്നു. അങ്ങനെ പശ്ചാത്തപിക്കുന്നവന്റെ ക്രിസ്തീയ വിശ്വാസ ജീവിതം വളരെ വിജയകരമായി തീരുന്നു.

## ക്രിസ്തുവിൻ അപ്പുറം ഒന്നുമില്ല

ക്രിസ്തീയ ജീവിതത്തിൽ എന്തുകൊണ്ടാണ് അനേകം നഷ്ടങ്ങളും നിരാശകളും സംഭവിക്കുന്നുവെന്ന് അറിയുവാനുള്ള ഒരു ദൗത്യ നിർവ്വഹണത്തിലാണ് ഇപ്പോൾ നമ്മൾ. യേശുക്രിസ്തുവിൽ കൂടിയുള്ളതെന്നോ അല്ലാത്തവയെന്നോ ഒക്കെയും നമ്മൾ ചിന്തിച്ച് അനേകം അനുഗ്രഹങ്ങളുടെയും നന്മകളുടെയും പുറകേപോയി; സമാധാനം, വിശുദ്ധി, വിജയം ഉണർവ്വ് മുതലായവ. ഇപ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. ശത്രുവിന്റെ ചതിപ്രയോഗം എന്തായിരുന്നുവെന്നും നമ്മൾ ഒത്തിരി പ്രാർത്ഥിച്ചു, അന്വേഷിച്ചും ഏതെങ്കിലും തരത്തിൽ അതൊക്കെയും നേടി എടുക്കുവാൻ എന്നാൽ ഇതൊക്കെയും വെറുതെയായിപ്പോയി, നമ്മൾ ധാരാളം എളിമയിൽ കൂടി നടന്നതു. ഓരോ നിമിഷവും പശ്ചാത്താപ ഹൃദയത്തോടു കൂടി ആയിരുന്നതും അങ്ങനെ എത്രയോ കാര്യങ്ങൾ. യേശുവിന്റെ നാമത്തിലുള്ള ആ സ്നേഹത്തിന്റെയും ശക്തിയുടെയും ആ സ്നാനം നാം സ്വീകരിച്ചതു കർത്താവിനുവേണ്ടി കർത്തൃഹിതത്തിൽ നാം ജീവിച്ചു വളരേണ്ടതിനല്ലയോ.

ഇപ്പോൾ നമുക്കു പൗലൊസ് പറയുന്നതെന്താണെന്ന് ഗ്രഹിക്കാം. “ വിശ്വസിക്കുന്ന ഏവനും നീതി ലഭിപ്പാൻ ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു” (റോമ. 10:4). കർത്താവായ യേശുക്രിസ്തു നമ്മുടെ ദൈവസന്നിധിയിലുള്ള നീതിക്കു വേണ്ടിയുള്ള പോരാട്ടത്തിന്റെ അവസാനം മാത്രമല്ല — എന്നാൽ എല്ലാറ്റിലും അപ്പുറമായിട്ടു നമ്മുടെ സമാധാനം, നമ്മുടെ വിജയം, നമ്മുടെ വിശുദ്ധി, നമ്മുടെ സൗഖ്യം, നമ്മുടെ ഉണർവ്വ് .ഇതിന്റെയെല്ലാം ശാശ്വതമായിട്ടുള്ള നമ്മുടെ പരിഹാരമായിട്ട് മാറുന്നു. എല്ലാ അനുഗ്രഹങ്ങളും നേടി എടുക്കുവാൻ നാം എന്ത് പോരാട്ടമാണ് ചെയ്യേണ്ടത്? അതിവേദനകരമായ എന്ത് സമർപ്പണമാണ് ചെയ്യേണ്ടത്? എങ്ങനെയുള്ള പ്രാർത്ഥനകൾ എന്തു തരത്തിലുള്ള സ്വയബോധവല്ക്കരണമാണ് വേണ്ടത്? എങ്ങനെയുള്ള യുദ്ധമാണ് നാം ചെയ്യാനുള്ളത്. നമ്മുടെ ഹൃദയങ്ങളെ പാപബഹുത്വത്തിൽ നിന്നു കുറച്ച് കൊണ്ടുവന്ന് പാപശൂന്യമായ അവസ്ഥയിലേക്കു നടത്തുവാൻ, എന്നാൽ നമ്മുടെ നിസ്സാഹയമായ പശ്ചാത്താപവുമായിട്ട് അവിടുത്തേക്കു വരുമ്പോൾ, നമ്മുടെ പലതരത്തിലുള്ള അനുഗ്രഹം കൂടി വരുമ്പോൾ നമ്മൾ അവിടുത്തെ നാമത്തെ ഒരു തരത്തിലുള്ള തരം താഴ്ത്തൽ / അപമാനപ്പെടുത്തുകയാണ് ചെയ്യുന്നത്. അവിടുത്തേയ്ക്ക് മഹത്വവും പ്രസാദകരമായി തീരേണ്ടതിനു പകരം എല്ലാം മറ്റു പല നിർദ്ദേശങ്ങളിൽ കൂടിയാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. അവനാണ് നമ്മുടെ ബലം, അവനാണ്

( ശേഷം 8-ാം പേജിൽ)

(2-ാംപേജിന്റെ തുടർച്ച)

**ഒടുവിലത്തെ നാളുകളിലെ കുടുംബ പ്രാർത്ഥന**

ക്കിച്ചതും തെറ്റായതും ശക്തിയില്ലാത്തതും കർത്താവിന്റെ മുമ്പിൽ ഉപയോഗമില്ലാത്തതുമാണ്. കർത്താവിന്റെ സഹായത്താൽ, നമ്മെത്തന്നെ കർത്താവിന്റെ നിയന്ത്രണത്തിൻ കീഴ് കൊണ്ടുവരുമ്പോൾ നമ്മുടെ പ്രാർത്ഥന വർദ്ധിക്കയും ശക്തിപ്പെടുകയും പ്രയോജനമുള്ളതായി ത്തീരുകയും ചെയ്യുന്നു. " ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നത് " (2 തിമൊ.1:7).

കർത്താവ് തന്റെ വചനത്തിൽ നൽകിയിരിക്കുന്ന ധാരാളം പ്രാർത്ഥനയെ സംബന്ധിച്ച കല്പനകളിൽ ചിലത് താഴെകുറിക്കുന്നു. നിങ്ങളുടെ കുടുംബ സമയം വേർതിരിച്ച് അവ പഠിക്കുവാനും, ധ്യാനിക്കുവാനും, അവയെ അനുസരിപ്പാനും കഴിയുന്നു എങ്കിൽ നിങ്ങൾ ശുദ്ധമനസുള്ളവരായി സ്വയനിയന്ത്രണത്തോടെ പ്രാർത്ഥിപ്പാൻ കഴിയും.

**പരീക്ഷയിൽ അകപ്പെടാതിരിക്കേണ്ടതിന് പ്രാർ ത്ഥിപ്പിൻ**

" നഷ്ടപ്പെട്ടവരെ ദൈവരാജ്യത്തിന്റെ അവകാശികളാക്കികൊണ്ടുവരുന്ന ദൈവിക പദ്ധതിയാണ് പ്രാർത്ഥന " (1തിമൊ. 2:1-4). നാം അനുസരണമുള്ളവരായി സകല മനുഷ്യർക്കും വേണ്ടി പ്രാർത്ഥിക്കണം. അവർ നമ്മെ ഉപദ്രവിക്കുന്നവരോ പകയ്ക്കുന്നവരോ ആയിരിക്കാം (മത്താ. 5:44; ലൂക്കൊ. 6:28). അധികാരങ്ങളിൽ ഇരിക്കുന്നവർക്കുവേണ്ടി നാം പ്രാർത്ഥിക്കുന്നതാവശ്യം! ഉദ്യോഗസ്ഥൻമാർക്കുവേണ്ടി പ്രാർത്ഥിക്കണം. സഹപ്രർത്തകർക്കുവേണ്ടി, അദ്ധ്യാപകർ തുടങ്ങിയവർക്കുവേണ്ടി അദ്ധ്യാപകർ തുടങ്ങിയവർക്കുവേണ്ടി പ്രാർത്ഥിക്കണം. നമ്മുടെ കൂട്ടുകാരും കുടുംബക്കാരുമായി ക്രിസതുവിനെ അറിയാത്തവർക്കുവേണ്ടി ഒരു ലിസ്റ്റ് തയ്യാറാക്കി മദ്ധ്യസ്ഥതയണച്ച് പ്രാർത്ഥിക്കണം.

**വിശ്വസ്തമായി പ്രാർത്ഥിക്കുവാൻ ഉറ്റിരുന്നു പ്രാർത്ഥിക്കണം**

" പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ സ്തോത്രത്തോടെ അതിൽ ജാഗരിപ്പിൻ " (കൊലൊ. 4:2). ശത്രുവിന്റെ പദ്ധതികളെ നോക്കി നന്ദി നിറഞ്ഞ ഹൃദയത്തോടെ പ്രാർത്ഥിക്കുമ്പോൾ പ്രാർത്ഥനയുടെ എല്ലാ അതിരുകളും പാലിച്ച് പ്രാർത്ഥിക്കണം. " ആശയിൽ സന്തോഷിപ്പിൻ; കഷ്ടതയിൽ സഹിഷ്ണത കാണിപ്പിൻ; പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ " (റോമർ. 12:12) നിങ്ങളുടെ കുടുംബത്തിന് ഈ കല്പന അനുസരിച്ച് ഓരോ ദിവസവും സമയം വേർതിരിച്ച്, വ്യക്തിപരമായോ,കൂട്ടായിട്ടോ പ്രാർത്ഥിപ്പാൻ കഴിയും. പിതാവ് നിങ്ങളുടെ വിശ്വസ്തതയ്ക്ക് പ്രതിഫലം തരും. അങ്ങനെ സമയം വേർതിരിക്കുന്നത് പ്രയാസം എന്ന് കണ്ടാൽ ഒരുമിച്ചിരുന്ന് തീരുമാനിച്ച് അവസരം കണ്ടെത്തി ഒരുമിച്ച് പ്രാർത്ഥനയിൽ സമയം ചെലവഴിക്കാവുന്നതാണ്. ചെറിയ വ്യത്യാസങ്ങൾ വരുത്തി സമയം വേർതിരിച്ച് ഒരുമിച്ച് പ്രാർത്ഥിക്കാവുന്നതാണ്. ചില പ്പോൾ ആ സമയം ടെലിവിഷന്റെ മുമ്പിലോ കമ്പ്യൂട്ടറിന്റെ മുമ്പി ലോ ആയിപ്പോകാറുണ്ട്. പ്രാർത്ഥനയെക്കുറിച്ച് സംസാരിക്കും. പ്രാർത്ഥനയെക്കാൾ നിങ്ങൾ മറ്റേതെങ്കിലും കാര്യങ്ങൾക്ക് അമിത പ്രാധാന്യം കൊടുക്കുന്നുണ്ടോ എന്ന് സ്വയം ചോദിക്കും. പ്രാർത്ഥനയ്ക്ക് പ്രഥമ സ്ഥാനം കൊടുക്കുക.

**തുടർച്ചയായി പ്രാർത്ഥിക്കുക കാരണം അത് നിങ്ങളെക്കുറിച്ചചുളള ദൈവത്തിന്റെ ഇഷ്ടമാണ്.**

" എപ്പോഴും സന്തോഷിപ്പിൻ; ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിനും സ്തോത്രം ചെയ്‌വിൻ: ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തേശുവിൽ ദൈവേഷ്ടം " (1 തെസ്സ. 5:16-18).

കഠിനമേറിയ സാഹചര്യങ്ങൾ വരുമ്പോൾ, സന്തോഷമായിരിപ്പാനും സ്തോത്രം ചെയ്യുവാനും അത്ര എളുപ്പമുള്ള കാര്യമല്ല. അങ്ങനെയെങ്കിൽ എന്തുകൊണ്ടാണ് ദൈവം അങ്ങനെ പറഞ്ഞിരിക്കുന്നത്? കാരണം ജീവിതത്തിന്റെ കാഠിന്യമേറിയ വഴികളിലൂടെ നാം ശക്തന്മാരായി വളരണം എന്നതാണ്. നാം പ്രാർത്ഥനയിൽ ദൈവത്തിങ്കലേയ്ക്ക് തിരിയുന്നു എങ്കിൽ കഠിനമേറിയ ഏതു സാഹചര്യങ്ങളിലും നമുക്ക് ജയം നൽകുവാൻ അവിടുന്ന് ശക്തനാണ്. " ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും നിനവുകളേയും ക്രിസ്തുയേശുവിങ്കൽ കാക്കും " (ഫിലി. 14:6,7).

**കുടുംബപ്രാർത്ഥന**

പിതാവേ ഈ ഒടുവിലത്തെ നാളുകളിൽ ശുദ്ധമന:സാക്ഷിയോടെ ആയിരിപ്പാൻ കൃപ തരേണമേ. ബുദ്ധിയോടും ലക്ഷ്യബോധത്തോടും ജീവിപ്പാൻ സഹായിക്കേണമേ. സ്വയനിയന്ത്രണം പാലിപ്പാനും ശത്രുവിനോട് എതിർത്തു നില്പാനും ജീവിതത്തിന്റെ എല്ലാ വഴികളിലും ദൈവത്തിന് യോഗ്യരായിരിപ്പാനും കൃപ ചെയ്യേണമേ. അങ്ങയുടെ ഇഷ്ടം അറി ഞ്ഞു പ്രാർത്ഥിക്കുവാൻ സഹായിക്കേണമേ. ഈ ഒടുവിലത്തെ നാളുകളിൽ ആത്മശക്തിയിൽ തന്നെ പ്രാർത്ഥിക്കുവാൻ ഞങ്ങൾക്കാഗ്രഹമുണ്ട്. പ്രിയ കർത്താവേ, പ്രാർ ത്ഥിപ്പാൻ അടിയങ്ങളെ പഠിപ്പിക്കണമേ. യേശുവിൻ നാമത്തിൽ തന്നേ; ആമേൻ. ❖

(3-ാംപേജിന്റെ തുടർച്ച)

**യേശുവിനെ പ്രതീക്ഷയോടെ നോക്കുന്നു**

പ്പെടുത്തിക്കൊടുക്കുവാൻ ഉള്ള ഏറ്റവും പറ്റിയ സമയം ഇതാണ് എന്ന് ഞാൻ വിശ്വസിക്കുന്നു.

ഈ മഹാമാരിയുടെ കാലത്ത് പൾസ് എന്ന സുവിശേഷ പ്രസ്ഥാനത്തിലൂടെയും മറ്റു സമൂഹങ്ങളിലൂടെയും നടക്കുന്ന സുവിശേഷീകരണ പ്രവർത്തനങ്ങളെ ശക്തീകരിക്കയും ഒരുക്കുകയും ചെയ്യുന്നു. അനേക ആളുകളെ ശക്തീകരിക്കുകയും ഒരുക്കുകയും ചെയ്തുകൊണ്ട് പൾസ് മുന്നേറുന്നു. ഈ ശുശ്രൂഷകൾ വിശാലമാകുന്നതിനും അനേകർ ക്രിസ്തുവിങ്കലേക്ക് നടത്തപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുന്നു. ദൈവം ആകാശം ചായ്ച്ച് ഇറങ്ങി വരേണ്ടതിനും 2021 ഒരു ഉണർവ്വിന്റെ വർഷമായിത്തീരേണ്ടതിനുമായി. പ്രാർത്ഥിക്കാം. ❖

( 5-ാം പേജിന്റെ തുടർച്ച)

**യേശുവിൽ പരിസമാപ്തി**

നമ്മുടെ സമാധാനം, അവനാണ് നമ്മുടെ വിജയം, അവനാണ് നമ്മുടെ ഉണർവ്വ്. അതെ അവനപ്പുറം ഒന്നും തന്നെയില്ല.

## ഉണർവ്വ് നല്കുന്നവൻ

നാം ഇങ്ങനെ ഒരു പക്ഷേ ചോദിച്ചേയ്ക്കാം നാം എന്തിനു ഉണർവ്വിനായിട്ടു പ്രാർത്ഥിക്കണം? നമ്മുടെ പ്രഥമ ഉത്തരവാദിത്വം എന്നത് സ്വയം ഒരു

(ശേഷം 7-ാം പേജിൽ)

# നോക്കൂ ഭയപ്പെടാതിരിക്ക

By W.c.Moore

യോഹ. 16:33-ൽ യേശു പറയുന്നു " ലോകത്തിൽ നിങ്ങൾ ക്ക് കഷ്ടം ഉണ്ട് എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു ". ബുദ്ധിമാനായ നേതാവ് എന്ന നിലയിൽ നമ്മെ ബുദ്ധിയുപദേശിക്കുന്നത്, ജാഗ്രതയുള്ളവരായിരിക്ക, പ്രതിസന്ധികളുടെ സമയം വരും എന്നറിക. പ്രതിസന്ധികളും കലക്കങ്ങളും ഉള്ള ലോകത്തിൽ അവിടുന്ന് ആഗ്രഹിക്കുന്നത് തന്റെ മക്കൾ വീണ്ടും ജനനം പ്രാപി ച്ച തന്റെ ജനം പ്രശ്നങ്ങളും ഭീകരപ്രവർത്തനങ്ങളും ഒരു വശത്ത് കൊലയും ചതിയും മറുഭാഗത്തുള്ള ഈ ലോകത്തിൽ വേർപെട്ടവരായിരിക്കണം എന്നാണ്. എന്തു തന്നെ വന്നാലും അതിനെ നേരിടാൻ ഒരുങ്ങിയിരിക്കുന്നവരും അതിന്റെ നടുവിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നവരും ആയിരിക്കണമെന്ന് അവിടുന്ന് ഓർമ്മപ്പെടുത്തുന്നു. എന്തു തന്നെ സാഹചര്യങ്ങൾ നേരിട്ടാലും പൂർണ്ണമായി നമ്മെ സംരക്ഷിക്കുന്ന ദൈവത്തിൽ ആശ്രയിച്ചു തരണം ചെയ്യുവാൻ ഒരുക്കമുള്ളവരും ഉറപ്പുള്ളവരും ആയിരിക്കണം.

### തന്റെ ജനത്തിന്മേൽ ദൈവത്തിന്റെ പ്രത്യേക സംരക്ഷണം

യെശയ്യാ പ്രവചനം 43 -ാം അദ്ധ്യായത്തിൽ ദൈവത്തി ന്റെ പ്രത്യേക സംരക്ഷണത്തിലുള്ളവരാണ് ദൈവത്തിന്റെ ജനമെന്നും എല്ലാം എങ്ങനെ അവിടുത്തേയ്ക്ക് കീഴ്പ്പെട്ടിരിക്കുന്നു എന്നും നമ്മെ സംരക്ഷിച്ചു കാര്യങ്ങളെ എങ്ങനെ നിയന്ത്രിക്കുന്നു എന്നും വ്യക്തമാക്കുന്നു. "ഇപ്പോഴോ യാക്കോബേ നിന്നെ സൃഷ്ടിച്ചവനും, യിസ്രായേലേ നിന്നെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഭയപ്പെടേണ്ട ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു; ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു. നീ എനിക്കുള്ളവൻ തന്നെ. നീ വെള്ളത്തിൽ കൂടി കടക്കുമ്പോൾ ഞാൻ നിന്നോടുകൂടെയിരിക്കും; നീ നദികളിൽ കൂടെ കടക്കുമ്പോൾ അവ നിന്റെമേൽ ക വിയുകയില്ല; നീ തീയിൽ കൂടെ നടന്നാൽ വെന്തുപോകയില്ല; അഗ്നിജ്വാല നിന്നെ ദഹിപ്പിക്കയുമില്ല " (യെശ. 43:1,2).

അവിടുന്ന് സർവ്വശക്തനായ ദൈവമാണ്, സ്നേഹിക്കുന്നവനും, വിശ്വസ്തനും, നമ്മുടെ ജീവിതങ്ങളെ സംരക്ഷിക്കുന്നവനുമായ കർത്താവാണ്. വെള്ളങ്ങൾ അവിടുത്തെ അനുസരിക്കുന്നു, തീയുടെമേൽ അധികാരമുള്ളവനാണ്. തീയോ, വെള്ളമോ ദൈവം ഇടുന്ന അതിർ ഒരിഞ്ചുപോലും മറികടക്കുന്നില്ല. തന്റെ സർവ്വശക്തിയും പ്രവർത്തിയും തന്നിൽ ആശ്രയിക്കുന്ന മക്കൾക്കു വേണ്ടി സദാ പ്രവർത്തനക്ഷമമായിരിക്കുന്നു.

### സന്തോഷത്തോടുകൂടെയുള്ള സഹിഷ്ണത

" ................നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക " (എബ്രാ. 12:1) നമ്മുടെ വിശ്വാസത്തെ പരീക്ഷിക്കുവാൻ ദൈവം ചില അത്ഭുതകരമായ കാര്യങ്ങൾ ചെയ്യുന്നു. നമ്മെ പൊന്നുപോലെ പുറത്തു കൊണ്ടുവരേണ്ടതിന് തന്റെ സ്നേഹത്തിൽ പരീക്ഷകൾക്ക് വിധേയരാക്കുന്നു എന്നുള്ളത് നാം പ്രതീക്ഷിച്ചേ മതിയാകൂ (1പത്രൊ. 1:7, ഇയ്യോ. 23:10). അതുകൊണ്ട് മഹാപ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുത്. ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണത നിങ്ങൾ ക്കാവശ്യം (എബ്രാ. 10:35,636).

### വിശ്വാസത്തിലേയ്ക്ക് നടത്തുന്നു

നാം ഉണരണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ജീവിതത്തിന്റെ എല്ലാ വഴികളിലും ആ ഉണർവ്വുണ്ടാകണം. കഠിനഹൃദയമായിട്ടോ സംശയവിചാരങ്ങളിലോ അല്ല, വിശ്വാസത്തിൽ ഉണർവ്വു പ്രാപിക്കണം. .... " ഭയപ്പെടേണ്ട; വിശ്വസിക്കമാത്രം ചെയ്ക " (ലൂക്കോ. 8:50).

" ഇത് സംഭവിച്ചു തുടങ്ങുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തുവരുന്നതുകൊണ്ട് നിവർന്ന് തല ഉയർത്തുവിൻ" (ലൂക്കോ. 21:28).

( 6-ാം പേജിന്റെ തുടർച്ച)

### യേശുവിൽ പരിസമാപ്തി

ഉണർവ്വ് നമ്മളിൽ ഉണ്ടാകേണമെന്നുള്ളതാണ്, അതെ നമ്മുടെ ഈ എല്ലാ തരത്തിലുമുള്ള പോരാട്ടത്തിന്റെ അവസാനമെന്നതുപോലെ ഒരു പുതിയ സാക്ഷ്യത്തോടുകൂടി, യേശുവിനെ നമ്മുടെ സകലത്തിന്റെയും പരിഹാരമാർഗ്ഗമായിട്ടു കാണുവാൻ കഴിയുന്നുവെന്നുള്ള ആ വലിയ പശ്ചാത്ത ഹൃദയത്തെയാണ് വെളിപ്പെടുത്തേണ്ടത്. അങ്ങനെ നാമും നമ്മോടുകൂടെ സഹകരിക്കുന്ന മറ്റുള്ളവരും ചേർന്ന് പ്രാർത്ഥിക്കുവാൻ കഴിയും. നമ്മുടെ ഹൃദയത്തെ പുനർസൃഷ്ടിക്കുകയും ഹൃദയവിശാലത വരുത്തുകയും ചെയ്യുന്ന കർത്താവിനെ അങ്ങനെ നമ്മൾ ഇപ്പോൾ പ്രാർത്ഥിക്കുന്നത് ഇതുവരെയും സംഭവിച്ചിട്ടില്ലാത്ത ഏതെങ്കിലും തരത്തിലുള്ള ഒരു ഉണർവ്വിനെ സൃഷ്ടിക്കുവാനല്ല, പ്രത്യുത അവിടുന്ന് നമ്മുടെ ഹൃദയത്തിലേയ്ക്ക് വന്ന് പ്രവർത്തിക്കുവാനാണ്. ഉണർവ്വ് ആരംഭിച്ചിരിക്കുന്നത്. (ഉണർവ്വ് വരുത്തുന്നവൻ ഹൃദയത്തിൽ വന്ന് പ്രവർത്തിക്കുമ്പോഴാണ് ഇത് നടക്കുന്നത്); അതെ, ഇപ്പോഴാണ് അതിന്റെ സമയം. ഒരു വലിയ ഉണർ വ്വിന്റെ പകർച്ചയ്ക്കായിട്ടും. ഉണർവ്വ് നൽകുന്നവൻ നമ്മുടെ ഹൃദയത്തിൽ പ്രവർത്തിക്കുമ്പോൾ, അങ്ങനെ നമുക്കു സാക്ഷ്യം മറ്റുള്ള വാതിലേയ്ക്കു പകരുകയും ഒരു ആഗോള ഉണർവ്വ് സൃഷ്ടിക്കപ്പെടുകയും അതിൽഡകൂടി ദൈവം നമ്മുടെ പ്രാർത്ഥനകൾ അംഗീകരിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥനകൾക്കായിട്ടു ആര് കാത്തിരിക്കുന്നുവോ അവർക്ക് ദൈവത്തെ അവരുടെ മാർഗ്ഗമായിട്ടും അന്ത്യം ആയിട്ടും കാണുവാൻ കഴിയും.

എന്നാൽ നമ്മൾ മനസ്സിലാ

(ശേഷം 8-ാം പേജിൽ)

**രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും ഉച്ചെക്കു നശിപ്പിക്കുന്ന സംഹാരത്തെയും നിനക്കു പേടിപ്പാനില്ല**

കൊവിഡ് - 19 ജനിതകമാറ്റം വന്നതിനാൽ ലോകം വിറച്ചു നിൽക്കുന്നു. അസ്ത്ര വേഗത്തിൽ ഈ വൈറസ് പടർന്നു പിടിക്കുന്നു. അതിന്റെ രൂപവും ഭാവവും വേഷവും മാറിക്കഴിഞ്ഞു. ജനങ്ങൾ ഭയപരവശരായി നെട്ടോട്ടം ഓടുന്നു. ഓടേണ്ട കാര്യമില്ല. അവന്റെ വചനത്തിൽ ഉറച്ചു നിന്നാൽ മതി. ലോകപ്രകാരമുള്ള ഏതു വാക്സിൻ എടുത്തിരുന്നാലും എടുത്തില്ലേങ്കിലും സ്വർഗ്ഗീയ വാക്സിൻ (എന്റെ കൃപ നിനക്കു മതി) ഉള്ളിൽ ഉണ്ടെങ്കിൽ നീ ഒരു വൈറസിനെയും ഭയക്കേണ്ട കാര്യമില്ല. അവന്റെ കരങ്ങളിൽ നാം ഭദ്രമാണ്. അവൻ സർവ്വശക്തനാണ്, അവൻ സർവ്വ വ്യാപിയാണ് അവൻ നമ്മെ ഉള്ളം കയ്യിൽ വഹിച്ചിരിക്കയാണ്. നാം ഭയപ്പെടാതെ ഈ ലോകജീവിതത്തിലെ ഓട്ടം നേരെ ഓടി തികയ്ക്കാം. ലാക്കിലേക്ക് നേരേ ഓടാം. അങ്ങും ഇങ്ങും തിരിഞ്ഞു നോക്കാതെ ഓടാം. സർവ്വശക്തൻ നമ്മെ സഹായിക്കട്ടെ.

(കഴിഞ്ഞ ലക്കം തുടർച്ച)

**അത്ഭുതവാനായ യേശു**

അതെ, ഇത് അത്ഭുതമത്രം. സകല മനുഷ്യരുടെയും പാപങ്ങൾ കാൽവറിയിൽ പരിഹരിക്കപ്പെട്ടു. വിശ്വസിക്കുന്ന ഏതു മനുഷ്യനും പാപപരിഹാരത്തിന്റെ ഫലമായ സന്തോഷം അനുഭവിപ്പാൻ കഴിയുന്നു.

എന്നാൽ യേശു പാപത്തിന് പരിഹാരം വരുത്തുക മാത്രമല്ല ചെയ്യുന്നത്, പാപത്തിന്റെ ശക്തിയിൽ നിന്നും പൂർണ്ണമായി വിടുവിക്കയും ചെയ്യുന്നു. ദൈവത്തിൽ ആശ്രയം വയ്ക്കുന്ന ഏതു മനുഷ്യനെയും അവന്റെ പാപത്തിൽ നിന്നും വിടുവിച്ചു സ്വതന്ത്രരാക്കുക മാത്രമല്ല, പാപത്തിന്റെ എല്ലാ ശക്തിയിൽ നിന്നും വിടുവിക്കയും ചെയ്യുന്നു. അവിടുന്നു ഇങ്ങനെ പറഞ്ഞു. " "പുത്രൻ നിങ്ങൾക്ക് സ്വാതന്ത്ര്യം വരുത്തിയാൽ സാക്ഷാൽ സ്വതന്ത്രആകും (യോഹ. 8:36). ലോകത്തിലാർക്കും പാപങ്ങളെ പരിഹരിപ്പാൻ കഴിയാതിരിക്കേ യേശു പൂർണ്ണമായി നമ്മുടെ പാപങ്ങൾക്ക് പരിഹാരം വരുത്തുന്നു എന്നത് അത്ഭുതമല്ലേ?

ലോകത്തിൽ പാപത്തിന് അടിമയായിരുന്ന അനേകരെ യേശു സ്വതന്ത്രമാക്കി. തീർച്ചയായും, യേശു ഒരു മനുഷ്യനെ പൂർണ്ണമായും രൂപാന്തരപ്പെടുത്തുന്നു. ഒരിക്കൽ ദൂഷകനായിരുന്നവൻ ഇപ്പോൾ പ്രാർത്ഥിക്കുന്നു. മോശമായ പുസ്തകങ്ങളെ വായിച്ച് രസിച്ചിരുന്നവർ ഇപ്പോൾ ബൈബിൾ വായിക്കുന്നു. ഒരിക്കൽ ഹീനമായ കഥകൾ വായിച്ച് രസിച്ചവർ ഇപ്പോൾ ആത്മീയ ഗാനങ്ങൾ പാടി ദൈവത്തിൽ സന്തോഷിക്കുന്നു. ഒരിക്കൽ അന്യോന്യം പാപം ചെയ്തു ജീവിച്ച പുരുഷനും സ്ത്രീയും അനേകരുടെ നന്മയ്ക്കായി പ്രവർത്തിക്കുന്നു. " ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി; പഴയതു കഴിഞ്ഞു പോയി; ഇതാ അതു പുതുതായി തീർന്നിരിക്കുന്നു" (2 കൊരി.5:17).

ഒരു ദിവസം ഞാൻ ഒരു മനുഷ്യനെക്കുറിച്ച് കേട്ടു. പരുക്കൻ സ്വഭാവമുള്ള ഒരു മദ്യപാനി, അശുദ്ധിയിൽ ജീവിക്കുന്ന ക്രൂരനായ ആ മനുഷ്യൻ ഒരു ദിവസം യേശുവിനെ കണ്ടുമുട്ടി. അവൻ അത്ഭുതകരമായി രൂപാന്തരപ്പെട്ടു. യേശു തന്റെ പ്രവർത്തിയിൽ അത്ഭുതവാനാണ്.

യേശു ഭാവിയിലും അത്ഭുതകരമായ കാര്യങ്ങൾ ചെയ്യാൻ പോകുന്നു. നമ്മുടെ കർത്താവ് വീണ്ടും വരുമ്പോൾ, തന്റെ ശബ്ദത്തിൽ മരിച്ചവർ ഉയിർക്കും, കർത്താവിനെ എതിരേല്പാൻ നാം അവനോടുകൂടെ മേഘങ്ങളിൽ എടുക്കപ്പെടും. താൻ ഇരിക്കുന്നതുപോലെ നമ്മെയും രൂപാന്തരപ്പെടുത്തും. ഈ പഴയ, ക്ഷീണമുള്ള, രോഗമുള്ള വേദനയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടനുരൂപമായി രൂപാന്തരപ്പെടുത്തി, സകല വേദനകളിൽ നിന്നും, എല്ലാവിധ ക്ഷീണങ്ങളിൽ നിന്നും, വിടുവിച്ച് എല്ലാ പരിമിതികളെയും മാറ്റി, ഭൂമിയിൽ ഒരിക്കലും കാണാൻ കഴിയാത്ത അത്യുജ്ജ്വമായ സൗന്ദര്യത്തോടും കൂടെ നമ്മെ രൂപാന്തരപ്പെടുത്തും. വീണ്ടും ജനനത്താൽ ലഭിക്കുന്ന അവകാശങ്ങളിലേക്ക് ക്രിസ്തുവിനോടു കൂടെ ലഭിക്കുന്ന കൂട്ടവകാശത്തിലേയ്ക്ക് ദൈവം ആയിരിക്കുന്ന അവകാശത്തിലേ യ്ക്ക് ദൈവത്തിനുള്ള അവകാശത്തിലേയ്ക്ക് ജ്ഞാനത്തിന്റെയും ശക്തിയുടെയും വിശുദ്ധിയുടെയും അവകാശത്തിലേയ്ക്ക് അവിടുന്ന് നമ്മെ ചേർത്തുകൊള്ളും. അതെ, ഇത് എത്ര അത്ഭുതം!

യേശു നിശ്ചയമായും അത്ഭുതമാണ്. ദിവ്യ പ്രകൃതിയുള്ള തന്റെ നിത്യമഹത്വത്തിൽ അവിടുന്ന് അത്ഭുതവാനാണ്. താരതമ്യം ചെയ്യാൻ കഴിയാത്ത തന്റെ സ്വഭാവത്തിന്റെ പൂർണ്ണതയിൽ യേശു അത്ഭുതവാനാണ്. തന്റെ പ്രവർത്തിയിൽ യേശു അത്ഭുതവാനാണ്. തന്റെ മരണത്താൽ സകല പാപവും ക്ഷമിക്കുന്നു, തന്റെ പുനരുദ്ധാനത്തിന്റെ ശക്തിയാൽ സകല പാപത്തിന്റെ ശക്തിയിൽ നിന്നും നമ്മെ വിടുവിക്കുന്നു. തന്റെ ദിവ്യ സ്വഭാവത്തിലേയ്ക്ക് നമ്മെ രൂപാന്തരപ്പെടുത്തുന്നു. യേശു അത്ഭുതവാൻ തന്നെ. തന്നെ ഏറ്റുകൊള്ളന്നവരിൽ പകരുന്ന ജ്ഞാനവും വിശുദ്ധിയും അനുഗ്രഹങ്ങളും അത്ഭുതം തന്നെ. ❖

(7-ാംപേജിന്റെ തുടർച്ച)

**യേശുവിൽ പരിസമാപ്തി**

ക്കേണ്ടതായ ഒരു വലിയ കാര്യം ദൈവം ഒരു വ്യക്തിയുടെ ആത്മിക ജീവിതത്തിലെ ഉയർച്ചയെ ഇത് കാണിക്കുന്നുണ്ടോ എന്നാണ്. ഒരുവൻ കർത്താവിനെ അവന്റെ മാർഗ്ഗവും അന്ത്യവുമായി ഗ്രഹിക്കുമ്പോൾ ഇത് നടക്കുന്നുണ്ടോ എന്ന് നമ്മൾ ആരാഞ്ഞറിയണം. അവൻ ഇന്നു ഒരു പാപിയാണ്. യേശുക്രിസ്സതുവിന്റെ രക്തത്താലുള്ള ശുദ്ധീകരണം ഓരോ നിമിഷവും അവനു പ്രാപിച്ചിരിക്കണം. അവൻ വീണ്ടും പശ്ചാത്തപിക്കേണ്ടി ഇരിക്കുന്നു. താൻ ചെയ്യേണ്ടത് എന്താണെന്ന് മനസ്സിലാക്കി ദൈവസന്നിധിയിൽ വന്ന് ഒരുവൻ വേഗത്തിൽ കരഞ്ഞ് പ്രാർത്ഥിക്കുന്നുവെങ്കിൽ ഇത് തെളിവാക്കുന്നത് അവന്റെ ജീവിതത്തിൽ യേശുവിന്റെ സ്ഥാനം ഏറ്റവും വലുതാണെന്ന് / യേശുവാണ് തനിക്ക് സകലതുമെന്ന്.

**ക്രിസ്തുവിന്റെ ആഴങ്ങളിലേക്ക് യാത്രചെയ്യുക**

അപ്പോൾ എന്താണ് , ആ വ്യക്തി കണ്ടെത്തിയത്? അവൻ അവസാന നിമിഷത്തിൽ എവിടെയാണ് യഥാർത്ഥ സ്വർണ്ണം സ്ഥിതിചെയ്യുന്നത്, ഒരിക്കൽ എവിടെയോ മുങ്ങിപോയിരുന്നത്, ഇപ്പോൾ അത് അവനു കരസ്ഥമായിരിക്കു്ന്നു. അവിടുന്ന് നിന്റെ ജീവിതത്തിൽ സംഭവിച്ച ഭാഗ്യനേട്ടങ്ങൾ എന്തു തന്നെ ആയിരുന്നാലും തനിക്ക് ലഭിച്ച ഉപദേശങ്ങൾ പഠിച്ച പ്രമാണങ്ങൾ, അനുഭവങ്ങൾ തുടങ്ങിയവ. ...........കർത്താവ് ചികഞ്ഞ് പുറത്ത് വരുത്തുന്നില്ല. പല മേഖലകളിലും താൻ അന്വേഷിച്ചിട്ട് ലഭിക്കാതിരുന്നത് ഇപ്പോൾ അവന് യേശുവിൽ കൂടി ലഭിച്ചു കഴിഞ്ഞപ്പോൾ തന്റെ ജീവിതം സന്തോഷത്തിലും ആകുന്നു. ഇനി മുതൽ അവൻ ചെയ്യാനുള്ളത് യേശുവിൽ ഓരോ ദിവസവും കൂടുതൽ ആഴത്തിൽ അങ്ങനെ തന്റെ ജീവിതം തികച്ചും നിറവുള്ളതു യേശുവിൽ എല്ലാം കണ്ട് കിട്ടുന്നതുമായ അനുഭവങ്ങളിൽ നടക്കുവാൻ കർത്താവു കൃപ നൽകും.

അതെ യേശുവിനെ നമ്മൾക്ക് കാണാം. നമ്മുടെ അന്വേഷണത്തിന്റെ അവസാനനാമമായിട്ടും, വളരെ സുഗമമായിട്ട് അവിടുത്തെ ശുദ്ധ രക്തത്തിൽ സമർപ്പിക്കപ്പെടുകയും ആവശ്യഭാരത്താടും ഇരിക്കുന്നവർക്ക് എല്ലാവർ ക്കും സകലവുമായി തീരുന്നു.

യേശു എന്റെ ഇടയൻ, ഭർത്താവ്,സുഹൃത്ത്, എന്റെ പ്രവാചകൻ, പുരോഹിതൻ, രാജാവ്, എന്റെ കർത്താവ്, എന്റെ ജീവിതം, എന്റെ മാർഗ്ഗം, എന്റെ അവസാനം, എന്റെ സ്തുകൾ അവിടുന്ന് സ്വീകരിക്കട്ടെ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975